# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3108 — 22.06.12-ലെ മറുപടിയ്ക്ക്

## ഗ്രാമയാത്ര പരിപാടിയിൽ ലഭിച്ച പരാതികളും ചെലവായ തുകയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ. റഹീം: | ഡോ: എം.കെ.മുനീർ (ബഹു:പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി പഞ്ചായത്തുകളിൽ നടത്തുന്ന ഗ്രാമയാത്ര പരിപാടിയിൽ നാളിതുവരെ ലഭിച്ച പരാതികളുടെ എണ്ണം അറിയിക്കുമോ; | (എ) ഗ്രാമയാത്ര പരിപാടിയിൽ നാളിതുവരെ 289 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) ഗ്രാമയാത്ര നടത്തുന്നതിനായി നാളിതുവരെ ചെലവായ തുക എത്രയെന്നറിയിക്കുമോ; | (ബി) ഗ്രാമയാത്രാ പരിപാടി നടത്തുന്നതിലേക്കായി നാളിതുവരെ 17,89,051/- രൂപ ചെലവായിട്ടുണ്ട്. |
| (സി) ഇതിനോടകം ഗ്രാമയാത്ര കടന്നുപോയ പഞ്ചായത്തുകൾക്ക് വഹിക്കേണ്ടിവന്ന ചെലവ് 'കില' യിൽ നിന്നും മടക്കി നൽകിയോ; എത്ര പഞ്ചായത്തുകൾക്ക് അപ്രകാരമുള്ള തുക മടക്കി നൽകിയെന്ന് വ്യക്തമാക്കുമോ; | (സി) ഗ്രാമയാത്ര നാളിതുവരെ പത്ത് ഗ്രാമപഞ്ചായത്തുകളിലാണ് നടത്തിയിട്ടുള്ളത്. അവയിൽ അഞ്ച് പഞ്ചായത്തുകൾക്ക് മാത്രമാണ് നാളിതുവരെ തുക തിരികെ നൽകിയിട്ടുള്ളത്. ആകെ 2,79,500/- രൂപയാണ് തിരികെ ലഭ്യമാക്കിയിട്ടുള്ളത്. |
| (ഡി) ഗ്രാമയാത്ര പരിപാടി മുഖേന ലഭ്യമായ പരാതികൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിച്ച പരാതി പരിഹാര സെൽ മുഖാന്തരം പരിഹാരം കണ്ട അപേക്ഷകളുടെ എണ്ണം അറിയിക്കുമോ? | (ഡി) ഗ്രാമയാത്ര പരിപാടി മുഖേന ലഭിച്ച 289 പരാതികളിൻമേൽ നടപടി സമയബന്ധിതമായി സ്വീകരിക്കുന്നതിലേക്കായി അവ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, ഗ്രാമപഞ്ചായത്തുകൾ, വില്ലേജ് ആഫീസുകൾ, മറ്റ് ഏജൻസികൾ എന്നിവർക്ക് അയച്ചു കൊടുത്തിട്ടുള്ളതും സ്വീകരിച്ച നടപടി വിവരങ്ങൾ അപേക്ഷകരെ രേഖാമൂലം അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതുമാകുന്നു. |

സെക്ഷൻ ഓഫീസർ